നം. സി2/ 4925/പാർട്ട് ഫയൽ/ടി.സി/08

ട്രാൻസ്പോർട്ട്കമ്മീഷണറേറ്റ്
കേരള, തിരുവനന്തപുരം,
തീയതി 29.03.08

പ്രേഷകൻ
ട്രാൻസ്പോർ് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട്കമ്മീഷണർമാർക്കും
എല്ലാ റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് - 2007 പ്രകാരമുള്ള ഒറ്റത്തവണ സെസ്സ് സംബന്ധിച്ച്

സൂചന: ഈ ഓഫീസിൽ നിന്നുള്ള സി2/13759/റ്റി.സി/ 07 നമ്പരായ 1.3.07 തീയതിയിലെ കത്ത്. സൂചനാ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട്- 2007 പ്രകാരമുള്ള ഒറ്റത്തവണ സെസ്സ് ശേഖരിക്കുന്ന തസംബന്ധിച്ച നിർദ്ദേശങ്ങൾ സൂചനാ കത്ത് പ്രകാരം അറിയിച്ചിരുന്നു. സംസ്ഥാനത്തെ റോഡുപയോഗിക്കുന്ന വാഹനങ്ങളുടെ സെസ്സ് സംസ്ഥാനത്തെ ഏത് റിജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലോ, ജനസേവന കേന്ദ്രങ്ങളിലോ അടയ്ക്കാവു ന്നതാണ്. മറ്റൊരു ഓഫീസിൽ രജിസ്റ്റർ ചെയ്തതാണ് എന്ന കാരണ ത്താൽ വാഹന ഉടമകളിൽ നിന്നും സെസ്സ് സ്വീകരിക്കാതിരിക്കുവാൻ പാടില്ല. ഇപ്രകാരം സെസ്സ് സ്വീകരിച്ചതിന് ആർ.സി ബുക്കിൽ ആവശ്യമായ എൻട്രി നൽകേണ്ടതാണ്. മാത്രമല്ല കേരളാ റോഡ് സുരക്ഷാ അതോറിറ്റി ചട്ടങ്ങൾ നിലവിൽ വന്ന 26.12.07 ന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ സെസ്സ് 26.12.08 ന് മുമ്പ് ഒടുക്കിയിരിക്കേണ്ട താണ്. ഇപ്രകാരം ഒടുക്കിയിട്ടില്ലാത്ത പക്ഷം കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 10-ാം വകുപ്പ് 5-ാം ഉപ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം, സെസ്സിന് പുറമെ കിട്ടാനുള്ള സെസ്സിന്റെ പത്ത് ശതമാനത്തിനു തുല്യമായ തുക വീഴ്ച വരുത്തുന്ന ഓരോ വർഷത്തേക്കും പിഴയായി ഈടാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ